# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 032** August 3, 2025 www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053


## പരിശുദ്ധ ദൈവമാതാവിന്റെ ദർശനത്തിരുനാളിനായി ഒരുങ്ങി സെന്റ് മേരീസ് ഇടവക



ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ ഈ വർഷത്തെ പ്രധാന തിരുനാൾ ഓഗസ്റ്റ് മൂന്ന മുതൽ പതിനൊന്നുവരെ ദർശനത്തിരുനാളായി ആഘോഷിക്കുയാണല്ലോ. ഇടവക മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ ത്തിരുനാളാണ് ദര്ശനത്തിരുനാളായി കൊണ്ടാടപ്പെടുന്നത്. ഇടവകസ്ഥാപിതമായിട്ട് പതിനഞ്ചു വർഷങ്ങൾ പൂർത്തിയാകുന്ന വേളയിൽ നടത്തപെടുന്ന തിരുനാളിന് മെൻ മിനിസ്ട്രിയിലൂടെ ഇടവകയിലെ എല്ലാ കുടുംബങ്ങളും പ്രസുദേന്തിമാരാകുന്ന എന്ന പ്രത്യേകതകൂടിയുണ്ട്.

ഓഗസ്റ്റ് മൂന്നിന് രാവിലെ പത്തുമണിക്കുള്ള കുർബ്ബാനയ്ക്ക് ശേഷം നടത്തപെടുന്ന പതാകയുയർത്തലോടെയാണ് തിരുക്കർമ്മങ്ങൾക്ക് തുടക്കമാവുക. അന്നത്തെ വി. കുർബ്ബനയ്ക്ക് ക്നാനായ റീജിയൻ ഡയറക്ടർ മോൺ: തോമസ് മുളവനാൽ മുഖ്യ കാർമികത്വം വഹിക്കും. ഗുജറാത്ത് മിഷന്റെ സുപ്പീരിയർ ജനറൽ ഫാ. സ്റ്റീഫൻ ജയരാജ് സന്ദേശം നൽകും. തുടർന്ന് തിങ്കൾ മുതൽ ബുധൻ വരെ ആഘോഷമായ ദിവ്യബലിയും മരിയൻ സന്ദേശത്തോടുകൂടിയുള്ള തിരുക്കർമ്മങ്ങളും നടത്തപ്പെടും. ഫാ. ജോസ് തറക്കൽ, ഫാ. ടോമി വട്ടുകുളം, ഫാ. ജോബി പൂച്ചുകണ്ടത്തിൽ എന്നിവർ ഈ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം വഹിക്കും. ഫാ. ജോബി പന്നൂറയിൽ, ഫാ. ജോബി വെള്ളൂക്കുന്നേൽ, ഫാ. ബിൻസ് ചേത്തലിൽ എന്നിവരാണ് വ്യാഴം വെള്ളി, ശനി ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുന്നത്. പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10 ഞായറാഴ്ചത്തെ റാസ കുർബ്ബാനയ്ക്ക് ഫാ. ലിജോ കൊച്ചുപറമ്പിൽ മുഖ്യ കാർമികത്വം വഹിക്കും. ഓഗസ്റ്റ് 8 വെള്ളിയാഴ്ചയിലും, ഓഗസ്റ്റ് 9 ശനിയാഴ്ചയിലും കൂടാരയോഗ കലാമേളയും കലാസന്ധ്യയും നടത്തപ്പെടും. ഓഗസ്റ്റ് 11 തിങ്കളാഴ്ച്ച നടത്തപെടുന്ന മരിച്ചവർക്ക് വേണ്ടിയുള്ള വിശുദ്ധ കുർബ്ബാനയോടും സെമിത്തേരി സന്ദർശനത്തോടെയുമാണ് തിരുക്കർമ്മങ്ങൾ അവസാനിക്കുക.

ചിക്കാഗോ നിവാസികളുടെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്ക് പരിശുദ്ധ 'അമ്മ വഴിയായി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനും, നിയോഗങ്ങൾ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം വഴി യാചിക്കുവാനും ഈ ദർശന തിരുനാൾ ആചാരണത്തിലൂടെ സാധിക്കട്ടെ.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM




**രണ്ടാം ഞായർ**

**പരിശുദ്ധ ദൈവമാതാവിന്റെ**
**ദർശനത്തിരുനാൾ കൊടിയേറ്റ്**

**Scripture Reading:**
**St Anthony's Koodarayogam**

നിയ 4:32-40
കർത്താവിൻറെ ശാശ്വതമായ സ്നേഹം.

ഏശ 4:2-6
രക്ഷയുടെ വാഗ്ദാനം.

2 കോറി 3:4-12
ആത്മാവിൽ സ്നേഹത്തിൻറെ പുതിയ ഉടമ്പടി.

ലൂക്കാ 15:11-32
ധൂർത്തപുത്രൻറെ ഉപമ.

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

July 30- Aug 1: CCD Summer Camp
August 3 : Main Feast: Flag Hoisting
August 10: Main Parish Feast
August 15: Assumption of Our Lady
August 21: Feast of St. Pius X
August 28: Feast of St. Augustine
September 1: Eight days fast begins
September 5: Feast of St. Theresa of Calcutta
September 8: Nativity of Bl. Virgin Mary

# ST. MARY'S PARISH PREPARES FOR THE FEAST OF THE ASSUMPTION OF THE BLESSED VIRGIN MARY



St. Mary's Knanaya Catholic Parish of Chicago will be celebrating this year's main parish feast as the Feast of the Assumption of the Blessed Virgin Mary from August 3rd to 11th. This feast honors the Assumption of the Blessed Virgin Mary, the patroness of the parish, and is being celebrated with added significance as the parish marks its 15th anniversary. A special feature of this year's celebration is that all parish families will serve as sponsors (Prasudenthis) through the Men's Ministry.

The festivities will begin on August 3rd at 10:00 AM with the Flag Hoisting Ceremony following Holy Qurbana. The main celebrant for the inaugural Mass will be Monsignor Thomas Mulavanal, Fr. Stephen Jayaraj, Superior General of the Gujarat Mission, will deliver the message.

From Monday to Wednesday, there will be festive Holy Qurbana along with Marian reflections and special liturgical services. The main celebrants for these days will be Fr. Jose Tharackal, Fr. Tommy Vattukulam, and Fr. Joby Poochukandathil. On Thursday, Friday, and Saturday, the celebrants will be Fr. Joby Pannoorayil, Fr. Joby Vellookunnel, and Fr. Bins Chethalil.

The main feast day will be celebrated on Sunday, August 10, with the Rasa Qurbana led by Fr. Lijo Kochuparambil as the main celebrant. Additionally, on Friday, August 8, and Saturday, August 9, the parish will host Koottarayogam cultural competitions and evening cultural programs.

The feast will conclude on Monday, August 11, with a Holy Qurbana offered for the departed souls, followed by a cemetery visit.

Let this Feast of the Assumption be a time for us, the faithful of Chicago, to express our gratitude for the blessings received through the intercession of the Blessed Mother, and to entrust our intentions to her loving care.

# 'Faith Fest' - Summer Camp 2025
# St. Mary's Knanaya catholic Parish, Chicago















# 'അണയാം ദൈവജനമേ' സെന്റ് മേരീസ് ഇടവകയുടെ ഗാനം ഓഗസ്റ്റ് 9ന് പ്രാകാശനം ചെയ്യുന്നു.




ചിക്കാഗോ സെന്റ് മേരീസ് ഇടവകയുടെ പതിനഞ്ചാമത് വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന ക്രിസ്തീയ ഭക്തിഗാന ആൽബത്തിലെ പ്രഥമ ഗാനം 'അണയാം ദൈവജനമേ' ഓഗസ്റ്റ് 9 ശനിയാഴ്ച പ്രാകാശനം ചെയ്യുന്നു. വൈകിട്ട് 7 :30 ന് നടത്തപെടുന്ന കലാ സന്ധ്യയിൽ വച്ച് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ പ്രകാശനം ചെയ്യുന്ന ഈ ഗാനം രചനയും സംഗീതവും നിർവ്വഹിച്ചിരിക്കുന്നത് സെന്റ് മേരീസ് ഇടവകയിൽ പതിനഞ്ചു വർഷമായി ഗായക സംഘത്തിന് നേതൃത്വം വഹിച്ചുവന്നിരുന്ന അനിൽ മറ്റത്തിക്കുന്നേലാണ്. സുപ്രസിദ്ധ ഗായകൻ പിറവം വിത്സണും ചിക്കാഗോ സെന്റ് മേരീസിലെ തന്നെ ഗായിക അമ്മു തോട്ടിച്ചിറയും ചേർന്നാണ് ഗാനം ആലപിച്ചിരിക്കുന്നത്. അജിത്ത് ബേബിയുടെ വോയിസ് ഓഫ് ആഡം ന്റെ ബാനറിൽ ജേക്കബ് മീഡിയ ഓഫ് ചിക്കാഗോ പുറത്തിറക്കുന്ന ഈ ഗാനത്തിന്റെ Orchestration നിർവ്വഹിച്ചിരിക്കുന്നത് പ്രദീപ് ടോം ആണ്. ജെയ്‌ബു കുളങ്ങര, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ഫെബിൻ കണിയാലിൽ എന്നിവർ നിർമിച്ചിരിക്കുന്ന ഈ ഗാനം വിശുദ്ധ കുർബ്ബാനയുടെ പ്രവേശനഗാനമായി ആലപിക്കുവാൻ സാധിക്കത്തക്കവിധത്തിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. ഇടവകയുടെ പ്രധാന തിരുനാൾ ദിവസമായ ഓഗസ്റ്റ് 10 ഞായറാഴ്ചത്തെ റാസ കുർബ്ബാനയുടെ പ്രവേശനഗാനമായി ഈ ഗാനം ആലപിക്കപ്പെടും.



# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളിയിൽ പരി. ദൈവമാതാവിന്റെ ദർശന തിരുനാൾ

## 2025 ഓഗസ്റ്റ് 3 മുതൽ 11 വരെ



### ക്ഷണക്കത്ത്

പ്രിയ സഹോദരങ്ങളേ,

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണതിരുനാൾ ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിൽ ദർശനതിരുനാളായി ഓഗസ്റ്റ് 3 മുതൽ ഓഗസ്റ്റ് 11 വരെ ആഘോഷിക്കുകയാണ് എന്ന വിവരം ഏറെ സന്തോഷത്തോടെ അറിയിക്കുകയാണ്. സെന്റ് മേരീസ് ഇടവക സ്ഥാപിതമായിട്ട് പതിനഞ്ചു വർഷങ്ങൾ പൂർത്തിയാകുന്ന ഈ വേളയിൽ, ഇടവകയിലെ മെൻ മിനിസ്ട്രിയിലൂടെ എല്ലാ കുടുംബങ്ങളും പ്രസുദേന്തിമാരാകുന്നു എന്നത് സെന്റ് മേരീസ് ഇടവകയെ സംബന്ധിച്ചിടത്തോളം ഏറെ അനുഗ്രഹദായകമായ അവസരമാണ്. ഒന്നര പതിറ്റാണ്ടായി ഈ ഇടവക സമൂഹത്തെ കാത്തുപരിപാലിച്ച പരിശുദ്ധ അമ്മയുടെ തിരുനാൾ ഏറെ ഒരുക്കത്തോടെയും ഭക്തിനിർഭരമായും ആഘോഷിക്കുവാൻ ലഭിക്കുന്ന ഈ അവസരത്തിന് ദൈവത്തിന് നന്ദി പറയാം.

ചിക്കാഗോ നിവാസികളുടെ ആത്മീയവും ഭൗതികവുമായ സുസ്ഥിതിക്ക് പരിശുദ്ധ അമ്മ വഴിയായി ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി അർപ്പിക്കുവാനും നിയോഗങ്ങൾ സമർപ്പിച്ച് പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം യാചിക്കുവാനും ഈ ദർശന തിരുനാൾ ആചരണത്തിലൂടെ നമുക്ക് സാധിക്കട്ടെ. ഈ ദർശന തിരുനാൾ ഏറെ അനുഗ്രഹദായകമായി തീരട്ടെ എന്നാശംസിക്കുകയും ഏവർക്കും ഈ തിരുനാളിലേക്ക് സ്വാഗതം അരുളുകയും ചെയ്യുന്നു.

റവ. ഫാ. സിജു മുടക്കോടിൽ (വികാരി), റവ. ഫാ. അനീഷ് മാവേലിപുത്തൻപുര (അസി. വികാരി)
കൈക്കാരന്മാർ, പ്രസുദേന്തിമാർ

### പ്രസുദേന്തി – മെൻ മിനിസ്ട്രി











### തിരുനാൾ തിരുക്കർമ്മങ്ങൾ

**ഓഗസ്റ്റ് 3 ഞായർ**

10.00 am : വി. കുർബാന - **മോൺ. തോമസ് മുളവനാൽ**
(വികാരി ജനറൽ, ക്നാനായ റീജിയൻ USA ഡയറക്ടർ)
വചനപ്രഘോഷണം
**റവ. ഫാ. സ്റ്റീഫൻ ജയരാജ് OFM Cap**
(മിഷൻ സുപ്പീരിയർ, ഗുജറാത്ത് മിഷൻ)
നൊവേന, ലദീഞ്ഞ്, **പതാക ഉയർത്തൽ**
**റവ. ഫാ. സിജു മുടക്കോടിൽ** (വികാരി)

5.30 pm : വി. കുർബാന

**ഓഗസ്റ്റ് 4, തിങ്കൾ**

6.30 pm : വി. കുർബാന, നൊവേന, മരിയൻ സന്ദേശം
**റവ. ഫാ. ജോസ് തറക്കൽ** (സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ഇടവക, ഡിട്രോയ്റ്റ്)

**ഓഗസ്റ്റ് 5, ചൊവ്വ**

6.30 pm : വി. കുർബാന, നൊവേന , മരിയൻ സന്ദേശം
**റവ. ഫാ. ടോമി എബ്രഹാം വട്ടുകുളം**
(ഹോളി ആർക്ക് ഏഞ്ചൽസ് ഇടവക, ഹോഫ്മാൻ എസ്റ്റേറ്റ്സ്)

**ഓഗസ്റ്റ് 6, ബുധൻ**

6.30 pm : വി. കുർബാന, നൊവേന, മരിയൻ സന്ദേശം
**റവ. ഫാ. ജോബി പുച്ചുകണ്ടത്തിൽ** (സെന്റ് സ്റ്റീഫൻസ് ക്നാനായ ഇടവക, ഒർലാൻഡോ, ഫ്ളോറിഡ)

**ഓഗസ്റ്റ് 7, വ്യാഴം**

6.30 pm : വി. കുർബാന, നൊവേന
**റവ. ഫാ. ജോബി പന്നൂറയിൽ OSB**
(കൊളംബസ് ഒഹായോ)

**ഓഗസ്റ്റ് 8, വെള്ളി**

6.00 pm : വി. കുർബാന (ഇംഗ്ലീഷ്) , നൊവേന, വചന പ്രഘോഷണം
**റവ. ഫാ. ജോബി ജോസഫ് വെള്ളുക്കുന്നേൽ**
(അസി. ഡയറക്ടർ ഓഫ് വോക്കേഷൻസ്, ഷിക്കാഗോ രൂപത)

7.30 pm : **കൂടാരയോഗ കലാമേള**

**ഓഗസ്റ്റ് 9, ശനി**

5.30 pm : വി. കുർബാന, നൊവേന
**റവ. ഫാ. ബിൻസ് ചേത്തലിൽ** (സേക്രഡ് ഹാർട്ട് ക്നാനായ കാത്തലിക് ഫൊറോന ഇടവക, ബെൻസൻവിൽ)
വചന പ്രഘോഷണം –**റവ. ഫാ. തോമസ് കടുകപ്പള്ളിൽ**
(വികാരി ജനറൽ, സീറോ മലബാർ കത്തീഡ്രൽ, ചിക്കാഗോ)
കപ്ലോൻ വാഴ്ച

7.30 pm : **കലാസന്ധ്യ**

**ഓഗസ്റ്റ് 10, ഞായർ**

10.00 am : തിരുനാൾ റാസ – **റവ. ഫാ. ലിജോ കൊച്ചുപറമ്പിൽ**
(ക്രൈസ്റ്റ് ദി കിംഗ് ക്നാനായ ചർച്ച്, ന്യൂജേഴ്സി)
വചന പ്രഘോഷണം –**റവ. ഫാ. ജോബി പന്നൂറയിൽ OSB**
(കൊളംബസ് ഒഹായോ)
സഹകാർമ്മികർ:
**റവ. ഫാ. കുര്യൻ നെടുവേലിൽചാലുങ്കൽ**
**റവ. ഫാ. എബ്രഹാം കടുതോടിയിൽ**
പ്രദക്ഷിണം, ലേലം, സ്നേഹവിരുന്ന്

5.30 pm : വി. കുർബാന

**ഓഗസ്റ്റ് 11 തിങ്കൾ**

6.00 pm : സെമിത്തേരി സന്ദർശനം

7.00 pm : വി കുർബാന (മരിച്ചുപോയ വിശ്വാസികൾക്കുവേണ്ടി)
**റവ. ഫാ. അനീഷ് മാവേലിപുത്തൻപുര**


മോൺ. തോമസ് മുളവനാൽ (വികാർ ജനറൽ, ക്നാനായ റീജിയൻ ഡയറക്ടർ)


ഫാ. സിജു മുടക്കോടിൽ (വികാരി)


റവ. ഫാ. അനീഷ് മാവേലിപുത്തൻപുര (അസി. വികാരി)


സി. ഷാലോം SVM (പാരീഷ് സെക്രട്ടറി)


സാബു കട്ടപ്പുറം (ട്രസ്റ്റി കോ - ഓർഡിനേറ്റർ)


ബിനു പൂത്തുറയിൽ (ട്രസ്റ്റി)


ലൂക്കോസ് പൂഴിക്കുന്നേൽ (ട്രസ്റ്റി)


ജോർജ് മറ്റത്തിൽപറമ്പിൽ (ട്രസ്റ്റി)


നിബിൻ വെട്ടിക്കാട്ടിൽ (യൂത്ത് ട്രസ്റ്റി)


ജെയിംസ് മന്നാകുളത്തിൽ (അക്കൗണ്ടന്റ്)


സണ്ണി മേലേടം (പാരീഷ് കൗൺസിൽ സെക്രട്ടറി)


അനിൽ മറ്റത്തിക്കുന്നേൽ (പി.ആർ.ഒ.)


സ്റ്റീഫൻ ചൊള്ളമ്പേൽ


സിബി കൈതക്കതൊട്ടിയിൽ


പോൾസൺ കുളങ്ങര


ജോണിക്കുട്ടി പിള്ളവീട്ടിൽ

(തിരുനാൾ കോ - ഓർഡിനേറ്റർമാർ)


St.Mary's
Knanaya Catholic Parish of Chicago
ആദരാഞ്ജലികൾ
Abraham Thachet (86)
St. Mary's Knanaya Catholic Parish of Chicago
Funeral: Monday (Aug 4th)
Wake Service : 7.30am-10.00am
Funeral Mass: 10:00am

# Pre- Marriage Course Dates
# Knanaya Catholic Region of USA



**September 19, 2025 - September 21, 2025**
**St. Mary's Knanaya Catholic Church,**
**Rockland, NY**

**November 14, 2025 - November 16, 2025**
**Christ the King Knanaya Catholic Church,**
**Dallas, TX**

**December 12, 2025 - December 14, 2025**
**Sacred Heart Knanaya Catholic Church,**
**Bensenville, IL**

**For More details, Please contact**
**Tonny Pullappallil**
**630-205-5078**